**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6123** | **09-07-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ മഴുവഞ്ചേരി ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ മഴുവഞ്ചേരിയിൽ പ്രവർത്തിക്കുന്ന ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ടെന്നും അവയിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്നും അറിയിക്കുമോ; | (എ) | ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ ബി.ഫാം., ഡി.ഫാം. കോഴ്സുകളാണ് നിലവിലുള്ളത്. ബി.ഫാമിന് നാല് ബാച്ചുകളിലായി 240 വിദ്യാർത്ഥികളും ഡി.ഫാമിന് രണ്ട് ബാച്ചുകളിലായി 120 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിന്റെ ഭാഗമായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (ബി) | ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജിന്റെ വികസനത്തിന്റെ ഭാഗമായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഫർണിഷിങ് ജോലികൾ നടന്നു വരുന്നു. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണെന്നും കെട്ടിട നിർമ്മാണം എന്ന് ആരംഭിച്ചുവെന്നും എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ; | (സി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ തുക നാല് കോടി അൻപതു ലക്ഷം രൂപയും ഇതിന്റെ 18% ജി.എസ്.റ്റി. -യും ഉൾപ്പെടെ അഞ്ചു കോടി മുപ്പത്തിയൊന്ന് ലക്ഷം രൂപയാണ്. കെട്ടിട നിർമ്മാണം 2021 ഏപ്രിൽ മാസത്തിലാണ് ആരംഭിച്ചത്. പ്രസ്തുത കോളേജിന്റെ വികസനത്തിന്റെ ഭാഗമായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഫർണിഷിങ് ജോലികൾ നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ലഭിക്കുന്ന പുതിയ സൗകര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ? | (ഡി) | പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തിയാകുമ്പോൾ എക്സാമിനേഷൻ ഹാൾ, എക്സാമിനേഷൻ കോൺഫിഡൻഷ്യൽ റൂം, എക്സാം കൺട്രോൾ റൂം, കമ്പ്യൂട്ടർ ലാബ് കം ഡിജിറ്റൽ വാല്യൂവേഷൻ സെന്റർ, നാല് ലബോറട്ടറികൾ, ക്ലാസ്സ് റൂമുകൾ, മോഡൽ ഫാർമസി എന്നീ സൗകര്യങ്ങൾ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ